**കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്**
TC 25/68, മൂന്നാം നില, സി. ഡബ്ല്യൂ. സി ബിൽഡിംഗ്, എൽ. എം. എസ്. കോംമ്പൗണ്ട്,
പാളയം, തിരുവനന്തപുരം - 695 033
ഇ മെയിൽ – kshemanidhi.egskerala@gmail.com

---

No.133/25/Admn(IEC) തീയതി: 23-04-2025

**അടിയന്തിര ക്വട്ടേഷൻ നോട്ടീസ്**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിനായി ഒരു ലക്ഷം രൂപ അടങ്കൽ തുകയിൽ 100 GSM ആർട്ട് പേപ്പറിൽ, 1/8 സൈസിൽ 4 പേജുകളുള്ള ലഘുലേഖ, മൾട്ടി കളറിൽ ഡിസൈൻ ചെയ്യും പ്രിൻറു ചെയ്യും നൽകുന്നതിന് പ്രിന്റിംഗ് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. പ്രിന്റ് ഒന്നിന് എത്ര നിരക്കിൽ ചെയ്യാം എന്ന് വ്യക്തമാക്കിയുള്ള **ക്വട്ടേഷൻ 30-04-2025, 3 pm-നകം താഴെ കാണിച്ചിട്ടുള്ള വിലാസത്തിൽ സീൽഡ് കവറിൽ, കവറിനു മുകളിൽ "ലഘുലേഖ പ്രിന്റിംഗ് ക്വട്ടേഷൻ" എന്നും അയക്കുന്ന സ്ഥാപനത്തിന്റെ വിലാസവും രേഖപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.** അച്ചടിക്കേണ്ടുന്ന ലഘുലേഖയുടെ ഉള്ളടക്കം www.kegwwfb.kerala.gov.in , www.nregs.kerala.gov.in വെബ് സൈറ്റുകളിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ഓഫീസ്സിൽ നിന്നും ലഭ്യമാകുന്നതാണ്.

**വിലാസം:**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്,
TC 25/68, മൂന്നാം നില, സി. ഡബ്ല്യൂ. സി ബിൽഡിംഗ്, എൽ. എം. എസ്. കോംമ്പൗണ്ട്,
പാളയം, തിരുവനന്തപുരം - 695 033
Ph: 0471-2720112

(sd/-)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

**കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

# കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി

## അംഗത്വ ക്യാമ്പയിൻ

## 2025 മെയ് 1 – ജൂലൈ 31

picture

# കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി,

# കേരളത്തിന്റെ സ്വന്തം ക്ഷേമനിധി.

- ഇന്ത്യയിൽ ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമം നിയമം മൂലം ഉറപ്പുവരുത്തുന്നതിനായി കേരള സർക്കാർ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം(2021), കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി(2023) എന്നിവ യാഥാർഥ്യമാക്കി.
- സംസ്ഥാന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിലുള്ള കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡാണ് ക്ഷേമനിധി അംഗത്വവും ആനുകൂല്യങ്ങളും അനുവദിക്കുന്നത്.

## അംഗമാകുന്നതിനുള്ള അർഹത

അപേക്ഷിക്കുന്ന സാമ്പത്തികവർഷമോ അതിനു തൊട്ടുമുമ്പുള്ള രണ്ടു സാമ്പത്തികവർഷങ്ങളിലോ ഏതെങ്കിലും ഒരു വർഷം കുറഞ്ഞത് ഇരുപത് ദിവസമെങ്കിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലോ, അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലോ അവിദഗ്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതും 18 വയസ്സ് പൂർത്തിയായതും 55 വയസ്സ് പൂർത്തിയാക്കിയിട്ടില്ലാത്തതും ആയ ഏതൊരു തൊഴിലുറപ്പ് തൊഴിലാളിയ്ക്കും, നിധിയിലെ ഒരംഗമായി രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

- **അംഗം ആകുന്ന തൊഴിലാളി മാസം തോറും 50 രൂപ അംശദായം (വിഹിതം) അടക്കണം. തുല്യമായ തുക സർക്കാർ ക്ഷേമനിധിയിലേക്ക് നൽകും.**
- **ഒരു വർഷം വരെയുള്ള വിഹിതം മുൻകൂറായി അടക്കാം.**
- **കുറഞ്ഞത് 10 വർഷമെങ്കിലും തുടർച്ചയായി വിഹിതം അടക്കുന്ന തൊഴിലാളികൾക്ക് 60 വയസ് പൂർത്തിയാകുമ്പോൾ പെൻഷന് അർഹത ഉണ്ടാവും.**
- **മൂന്നു വർഷം തുടർച്ചയായി വിഹിതം അടക്കുന്ന വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിന് 5000/- രൂപ ലഭിക്കുന്നതാണ്.**
- **മൂന്നു വർഷം തുടർച്ചയായി വിഹിതം അടക്കുന്ന വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 7500/- രൂപ രണ്ടു പ്രസവങ്ങൾക്ക് ലഭിക്കുന്നതാണ്.**
- **മൂന്നു വർഷം തുടർച്ചയായി വിഹിതം അടച്ചതും ഗുരുതമായ രോഗം ബാധിച്ചതുമായ അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സക്ക് പരമാവധി 10000/- രൂപ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി നൽകുന്നതാണ്.**
- **മൂന്നു വർഷം തുടർച്ചയായി വിഹിതം അടക്കുന്ന അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം സർക്കാർ അംഗീകാരത്തോടെ ലഭ്യമാക്കുന്നതാണ്.**
- **അംഗം അസുഖം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ കുടുംബത്തിന് മരണാനന്തര സഹായമായി 5000/- രൂപ ലഭിക്കുന്നതാണ്.**
- **അംഗമായ തൊഴിലാളിയോ കുടുംബാംഗമോ മരണപ്പെട്ടാൽ മരണാനന്തര ചെലവുകൾക്കായി 1000/- രൂപ ലഭിക്കുന്നതാണ്.**

NB: തൊഴിലിടത്തു വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് പൂർണ്ണ സൗജന്യ ചികിത്സയും മരണം സംഭവിച്ചാൽ രണ്ട് ലക്ഷം രൂപ ധനസഹായവും തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് ലഭ്യമാണ്.

## എങ്ങനെ ക്ഷേമനിധിയിൽ അംഗമാകാം

ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനും അംശദായം അടയ്ക്കുന്നതിനും ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ "www.kegwwfb.kerala.gov.in" വഴി മാത്രമേ കഴിയുകയുള്ളൂ. മൊബൈൽ വഴിയും അക്ഷയ പോലുള്ള പൊതു സേവന കേന്ദ്രങ്ങൾ വഴിയും രജിസ്ട്രേഷൻ നടത്താവുന്നതാണ്.

## അംഗത്വത്തിന് അപേക്ഷ നൽകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- തൊഴിലാളിയുടെ കുടുംബാംഗങ്ങളുടെ വിവരങ്ങൾ നൽകുമ്പോൾ പദ്ധതി നിയമപ്രകാരം "കുടുംബം" എന്നതിൽ അംഗത്തിന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അവരുടെ **പ്രായപൂർത്തിയാകാത്ത** മക്കൾ, **അവിവാഹിതരായ പെൺമക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചുകഴിയുന്ന അച്ഛനും അമ്മയും,** മാനസികമോ ശാരീരികമോ ആയ അവശതയുള്ള മക്കൾ, **വിധവകളായ പെൺമക്കൾ** എന്നിവർ മാത്രമായിരിക്കണം ഉൾപ്പെടുന്നത്.
- അപേക്ഷകൻ മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗം ആണെങ്കിൽ; നിധിയുടെ പേര്, ചേർന്ന തീയതി, എപ്പോൾ വരെ അംശദായം അടച്ച തുടങ്ങിയ വിവരങ്ങൾ.

### അംഗത്വ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടുന്ന രേഖകൾ

- ജനന തീയതി തെളിയിക്കുന്നതിനായി ആധാർ/ എസ്.എസ്.എൽ.സി/ സ്കൂൾ സർട്ടിഫിക്കറ്റ്/ വോട്ടർ ID/ ഡ്രൈവിംഗ് ലൈസൻസ് ഇവയിലേതെങ്കിലും ഒന്നിന്റെ പകർപ്പ്
- MGNREGS/AUEGS തൊഴിൽ കാർഡ്
- അപേക്ഷകന്റെ/ അപേക്ഷകയുടെ ഫോട്ടോ
- ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജ്

## വെബ് സൈറ്റിലൂടെ ക്ഷേമനിധിയിൽ എങ്ങനെ രജിസ്റ്റർ ചെയ്യാം

- പോർട്ടലിൽ പ്രവേശിക്കാൻ https://kegwwfb.kerala.gov.in എന്ന URL സന്ദർശിക്കുക.
- "Register Now" ബട്ടണിൽ ക്ലിക്ക് ചെയ്യുക, നിങ്ങളെ രജിസ്ട്രേഷൻ പേജിലേക്ക് കൊണ്ടുപോകുന്നതാണ്.
  മൊബൈൽ നമ്പർ നൽകി "Send OTP" ബട്ടൺ ക്ലിക്ക് ചെയ്യുക. (MGNREGS/ AUEGS വേതനം ലഭിക്കുന്ന ബാങ്ക് അക്കൌണ്ടിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പർ തന്നെ നൽകാൻ ശ്രദ്ധിക്കുക)
- നിങ്ങളുടെ മൊബൈൽ ഫോണിൽ ലഭിച്ച 6 അക്ക OTP ദയവായി നൽകുക.
- OTP വിജയകരമായി സാധൂകരിക്കുമ്പോൾ, പേര്, ജനന തീയതി, വയസ്സ്, ആധാർ നമ്പർ, ഇ-മെയിൽ ഐഡി (നിർബന്ധമല്ല), ലിംഗഭേദം (gender), ശാരീരിക വെല്ലുവിളി നേരിടുന്ന ആളാണോ?, പാസ്‌വേഡ് (പാസ്‌വേഡ് സെറ്റ് ചെയ്യുക) എന്നിവ നൽകുക.
- നിർബന്ധിത ഫീൽഡുകൾ നൽകിയ ശേഷം രജിസ്റ്റർ ബട്ടൺ ക്ലിക്ക് ചെയ്യുക. വിജയകരമായ രജിസ്ട്രേഷൻ നിങ്ങളെ ലോഗിൻ പേജിലേക്ക് നയിക്കും.

### എങ്ങനെ ലോഗിൻ ചെയ്യാം

- ഹോം പേജിലെ "Login" ബട്ടണിൽ ക്ലിക്ക് ചെയ്യുക
- രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറും പാസ്‌വേഡും നൽകി "Sign In" ബട്ടൺ ക്ലിക്ക് ചെയ്യുക, വിജയകരമായി ലോഗിൻ ചെയ്തു എന്ന സാധൂകരണത്തിന് ശേഷം നിങ്ങളെ ഉപയോക്തൃ അക്കൗണ്ടിലേക്ക് (user account) നയിക്കുന്നതാണ്.

### അംഗത്വത്തിന് അപേക്ഷ സമർപ്പിക്കേണ്ട വിധം

- ഉപയോക്തൃ അക്കൗണ്ടിലെ "പ്രൊഫൈൽ" ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- ഓൺലൈൻ അപേക്ഷാ ഫാറം പൂരിപ്പിക്കുക, ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ (attachments) അപ്‌ലോഡ് ചെയ്യുക.

### ക്ഷേമനിധി അംശദായം എങ്ങനെ അടയ്ക്കാം

- അപേക്ഷ അംഗീകരിച്ച കഴിഞ്ഞാൽ അംഗത്വവും അംഗത്വ തിരിച്ചറിയൽ കാർഡും (Membership ID Card) ലഭിക്കുന്നതിന് ഉപയോക്താവ് ക്ഷേമനിധിയിലേക്ക് ആദ്യത്തെ അംശദായം (welfare contribution) അടയ്ക്കണം.
- ഉപയോക്തൃ അക്കൗണ്ടിൽ ലോഗിൻ ചെയ്ത് "Welfare Contribution" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അംശദായം അടയ്ക്കാം.

- 3 ബാങ്കുകളുടെ പേയ്മെന്റ് ഗേറ്റ്‌വേയിൽ ഒന്ന് തെരഞ്ഞെടുത്ത് യുപിഐ, QR Code, Rupay ഡെബിറ്റ് കാർഡ് എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച് ഫീസ് കൂടാതെ പണം അടയ്ക്കാം.
- മറ്റ് ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ, നെറ്റ് ബാങ്കിംഗ് തുടങ്ങിയവ വഴി അടക്കുന്ന പക്ഷം ബാങ്കുകൾ ഈടാക്കുന്ന **ചാർജ് ബാധകമായിരിക്കും.**

**അംഗത്വ തിരിച്ചറിയൽ(ID)കാർഡ് എങ്ങനെ ലഭിക്കും...?**

- ആദ്യ അംശദായം അടച്ചശേഷം ഉപയോക്തൃ അക്കൗണ്ടിൽ പ്രവേശിച്ച് "View ID Card" മെനുവിൽ ക്ലിക്ക് ചെയ്താൽ ഉപയോക്താവിന് എപ്പോൾ വേണമെങ്കിലും ഐഡി കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതും പ്രിന്റ് എടുക്കാവുന്നതും ആണ്.

**ആനുകൂല്യങ്ങൾക്ക് അപേക്ഷ നൽകുന്നത് എങ്ങനെ....?**

**♦ പെൻഷൻ ♦ അവശതാ പെൻഷൻ ♦ കുടുംബ പെൻഷൻ**

**♦ വിവാഹാനുകൂല്യം ♦ പ്രസവാനുകൂല്യം ♦ ചികിത്സാ സഹായം**

**♦ വിദ്യാഭ്യാസാനുകൂല്യം ♦ മരണാനന്തര സഹായം**

- ആനുകൂല്യങ്ങൾക്കുള്ള യോഗ്യതകളും അർഹമാകുന്ന കാലയളവും വെബ് പോർട്ടലിൽ നിന്നും ലഭിക്കുന്നതാണ്.

വെബ് പോർട്ടലിന്റെ ഹോം പേജിലെ "Scheme" മെനു വഴിയോ ഉപയോക്തൃ അക്കൗണ്ടിലെ "Applications" മെനു വഴിയോ ആനുകൂല്യങ്ങൾക്കു വേണ്ടി അപേക്ഷിക്കാവുന്നതാണ്.

..........................................................................................................................................

ഈ ലഘുലേഖയിലെ വിവരങ്ങൾ സൂചകങ്ങൾ മാത്രമാണ്. ഇവ അംഗത്വവും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് സ്വാഭാവിക അവകാശം നൽകുന്നതല്ല. പൂർണ്ണ വിവരങ്ങൾക്ക് വെബ് സൈറ്റ് സന്ദർശിച്ച് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി, യൂസർ മാനുവൽ എന്നിവ വായിക്കേണ്ടതാണ്.

**Printed & published by:** Chief Executive Officer, Kerala Employment Guarantee Workers' Welfare Fund Board, TC 25/68, 3rd Floor, CWC Building, LMS Compound, Vikas Bhavan (P0), Palayam, Thiruvananthapuram- 695033, email id: kshemanidhi.egskerala@gmail.com, Phone No: 0471-2720112 Website: www.kegwwfb.kerala.gov.in.